**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 50** **08-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ ഉന്നമനത്തിനായി സഹകരണ പുനരുദ്ധാരണ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന നയപരിപാടികളുടെ ഭാഗമായി സഹകരണ പുനരുദ്ധാരണ നിധി സംസ്ഥാനത്ത് നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതിയുടെ ലക്ഷ്യം "അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തന രഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്നതാണ്.<br><br>ടി പദ്ധതി പ്രകാരം സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ്.-<br><br>i. കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.<br><br>ii. പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവ മൂലം ബുദ്ധിമുട്ട് നേരിടുന്ന സംഘം ടി പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനായി ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി ജില്ലാതല സമിതിയുടെ ശിപാർശ സഹിതം സഹകരണസംഘം രജിസ്ട്രാർ മുഖേന സംസ്ഥാന ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്.<br><br>iii. ദുർബലമായതും പ്രവർത്തന രഹിതമായതും എന്നാൽ പ്രവർത്തന സ്ഥിരത നേടാൻ കഴിവുള്ളതുമായ സംഘങ്ങളെയാണ് പുനരുദ്ധാരണത്തിനായി പരിഗണിക്കുന്നത്.** |

| | | | |
|---|---|---|---|
| | | | **iv. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായം തിരിച്ചടയ്ക്കുന്നതിന് 2 വർഷം മോറട്ടോറിയം അനുവദിക്കുന്നതാണ്. തിരിച്ചടവ് കാലാവധി 5 വർഷം മുതൽ 10 വർഷം വരെ ആയിരിക്കും.**<br><br>**v. കാലാകാലങ്ങളിൽ തിരിച്ചടവ് തവണകളും പലിശ നിരക്കുകളും നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഉന്നതതല കമ്മിറ്റിയ്ക്കായിരിക്കും.** |
| (ബി) | പ്രതിസന്ധി മൂലം ദുർബലമാകുന്ന സംഘങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമിടുന്ന പ്രസ്തുത നിധിയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉന്നതാധികാര സമിതിയുടെ ഘടനയും പ്രവർത്തനവും വിശദീകരിക്കുമോ; | (ബി) | **കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതിയുടെ സംസ്ഥാന ഉന്നതതല കമ്മിറ്റിയിൽ ചുവടെ പറയുന്നവർ അംഗങ്ങളായിരിക്കും.**<br><br>**(a). സഹകരണവകുപ്പ് മന്ത്രി - ചെയർമാൻ**<br><br>**(b). സഹകരണവകുപ്പ് സെക്രട്ടറി**<br><br>**(c). സഹകരണസംഘം രജിസ്ട്രാർ**<br><br>**(d). പ്രസിഡന്റ്, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ**<br><br>**(e). പ്രസിഡന്റ്, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്**<br><br>**(f). പ്രസിഡന്റ്, പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റീസ് അസ്സോസിയേഷൻ**<br><br>**(g).സഹകരണസംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)**<br><br>**(h). സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 2 വിദഗ്ധർ.**<br><br>**ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഉന്നതതല കമ്മിറ്റിയ്ക്കാണ്. ടി പദ്ധതി പ്രകാരമുള്ള ധനസഹായം ആവശ്യമുള്ള സഹകരണ സംഘം ഒരു പുനരുജ്ജീവന പദ്ധതി തയ്യാറാക്കി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാശ സഹിതം രജിസ്ട്രാർ മുഖേന സംസ്ഥാന ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്.**<br><br>**സംസ്ഥാന ഉന്നതതല കമ്മിറ്റി അംഗീകരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നത് സംസ്ഥാന ഉന്നതതല കമ്മിറ്റിയായിരിക്കും.** |
| (സി) | പ്രസ്തുത നിധിയുടെ പ്രവർത്തനത്തിനാവശ്യമായ മൂലധനം ഏതു രീതിയിൽ കണ്ടെത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (സി) | **കേരള കോ ഓപ്പറേറ്റീവ് റിവൈവൽ ഫണ്ട് സ്കീം 2024 ലെ നിബന്ധന 5 ലെ വ്യവസ്ഥകൾ പ്രകാരം ചുവടെ പറയുന്ന രീതിയിലാണ് തുക സമാഹരിക്കേണ്ടത്.** |

| | | | |
|---|---|---|---|
| | നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | **i. 1969 ലെ കേരള സഹകരണസംഘം നിയമം വകുപ്പ് 56(1)(a) പ്രകാരം രൂപീകരിച്ചിട്ടുള്ള റിസർവ്വ് ഫണ്ടിൽ നിന്നും 50% ൽ അധികരിക്കാത്ത തുക**<br><br>**ii. കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അറ്റലാഭത്തിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്ന അഗ്രികൾച്ചർ സ്റ്റെബിലൈസേഷൻ ഫണ്ടിന്റെ 50% ൽ അധികരിക്കാത്ത തുക.**<br><br>**iii. കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക.**<br><br>**iv. ഈ പദ്ധതിയിൽ പ്രസ്താവിക്കും പ്രകാരം ലഭിക്കുന്ന മറ്റ് തുകകൾ.**<br><br>**പദ്ധതി നടപ്പാക്കുന്നതിനുള്ള ഉപനിബന്ധന അംഗീകരിച്ച പദ്ധതി ഉടൻ നടപ്പാക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ